I/5204621/2022

4435 18/04/2022 DB

8/04/22

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

തദ്ദേശ സ്വയംഭരണ (ഇഡബ്ല്യുഎ) വകുപ്പ്

നം.358 ഇഡബ്ല്യുഎ3/2021/തസ്വഭവ    തിരുവനന്തപുരം,തീയതി: 16-03-2022

പരിപത്രം

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - സ്കൂൾ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കററ് നല്കുന്നത് - സുരക്ഷ ഉറപ്പാക്കുന്നത് - സംബന്ധിച്ച്:-

സൂചന:- 1) 12.09.2011-ലെ 42448/ഇഡബ്ല്യു3/2011/തസ്വഭവ നമ്പർ സർക്കാർ പരിപത്രം.
2) 24.01.2020-ലെ ഇഡബ്ല്യു3/330/2019/തസ്വഭവ നമ്പർ സർക്കാർ പരിപത്രം.

3) 15.02.2021-ലെ ഇഡബ്ല്യു3/179/2020/തസ്വഭവ നമ്പർ സർക്കാർ പരിപത്രം.

4) C.R.M.P നമ്പർ 1483/10/C2/2020/KeSCPCR, 6138/10/C2/2020/KeSCPCR, 3011/10/C2/2020/KeSCPCR, 5222/10/C2/2021/KeSCPCR നം. കേസ്സുകളിന്മേൽ ബഹു.കേരള സംസ്ഥാന ബാലാവകാശ കമ്മീഷന്റെ 09.08.2021-ലെ ഉത്തരവ്.
5) തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ 29.10.2020-ലെ ഡിബി1/ഡിബി5/9495/09/സിഇ/തസ്വഭവ നമ്പർ കത്ത്.
6) C.R.M.P നമ്പർ 9616/11/LA2/2021/KeSCPCR നം. കേസ്സിൽ ബഹു.കേരള സംസ്ഥാന ബാലാവകാശ കമ്മീഷന്റെ 15.12.2021 ലെ ഉത്തരവ്.

8/4/22

സംസ്ഥാനത്തെ എയ്ഡഡ്/അൺ എയഡഡ് സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നല്കുന്നത് സംബന്ധിച്ച് സൂചന (1), (2), (3) പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഫിറ്റ്നസ് നൽകുമ്പോൾ സ്കൂൾ സ്ഥിതി ചെയ്യുന്ന പരിസരത്തിന്റെയും ഭൂമിയുടെയും സുരക്ഷ കൂടി ഉറപ്പാക്കിയ ശേഷം മാത്രമേ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാവൂ എന്നും ഇക്കാര്യം സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കൃത്യമായി പാലിക്കണമെന്നും കാണിച്ച് നിർദ്ദേശം പുറപ്പെടുവിക്കണമെന്ന് ബഹു.കേരള സംസ്ഥാന ബാലാവകാശ കമ്മീഷൻ സൂചന (4) പ്രകാരം ഉത്തരവിട്ടിട്ടുണ്ട്. കൂടാതെ ഫിറ്റ്നസ്സ് നല്കുന്നതിന് പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങളെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണെന്നും സൂചന (6) പ്രകാരം ബഹു.കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ട്. അപ്രകാരം സ്കൂൾ പരിസരത്തിന്റെയും ഭൂമിയുടെയും സുരക്ഷ ഉറപ്പുവരുത്തിയുള്ള നിർദ്ദേശം പുറപ്പെടുവിക്കുന്നത് ഉചിതമായിരിക്കുമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സൂചന (5) പ്രകാരം അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഫിറ്റ്നസ് നൽകുമ്പോൾ സ്കൂൾ സ്ഥിതി ചെയ്യുന്ന പരിസരത്തിന്റെയും ഭൂമിയുടെയും സുക്ഷ കൂടി ഉറപ്പാക്കുന്നതിലേക്കുള്ള നിബന്ധനകൾ കൂടി ഉൾപ്പെടുത്തി കൊണ്ട് സർക്കുലർ പുറപ്പെടുവിക്കുന്നത് ഉചിതമായിരിക്കും എന്ന് സർക്കാർ കാണുന്നു. മേൽ സാഹചര്യത്തിൽ, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഫിറ്റ്നസ് നൽകുമ്പോൾ, സ്കൂൾ കെട്ടിടം നിൽക്കുന്ന പരിസരത്തുള്ള, സ്കൂൾ കെട്ടിടത്തിനോ സ്കൂൾ കോമ്പൗണ്ടിൽ ഉൾപ്പെട്ട കളിസ്ഥലം ഉപയോഗിക്കുന്ന കുട്ടികൾക്കോ അപകടമുണ്ടാക്കുന്ന രീതിയിൽ വളർന്നു നിൽക്കുന്ന മരങ്ങൾ, അപകടകരമായ രീതിയുള്ള മതിലുകൾ, മൺതിട്ടകൾ, കെട്ടിടങ്ങൾ, ഇലക്ട്രിക് പോസ്റ്റുകൾ, ഹോർഡിംഗ്സ്, കമാനങ്ങൾ, ടവറുകൾ, ചുറ്റുമതിൽ ഇല്ലാത്തതോ ബലക്കുറവുള്ളതോ ആയ

കിണറുകൾ, കുഴികൾ, സ്കൂൾ കവാടത്തിന്റെ മുന്നിലുള്ള വാഹന അപകട സാധ്യത എന്നിവ ഉൾപ്പെടെ പരിശോധിച്ച് സുരക്ഷ ഉറപ്പാക്കി മാത്രമേ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാവൂ എന്ന് ഇതിനാൽ നിർദ്ദേശം നല്കുന്നു.

ഈ പരിപത്രത്തിലെയും സൂചന 1, 2, 3 പരിപത്രങ്ങളിലെയും വ്യവസ്ഥകൾ കൃത്യമായി പാലിച്ചാൽ മാത്രമേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്കൂളുകൾക്ക് ഫിറ്റ്നസ് നല്കാൻ പാടുള്ളൂ എന്നും നിഷ്കർഷിക്കുന്നു.

ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള സംസ്ഥാന ബാലാവകാശ കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മിഷണർ, തിരുവനന്തപുരം.
പൊതുവിദ്യഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ വകുപ്പ്.
തദ്ദേശ സ്വയംഭരണ (EPA/EPB/EU/ERB/ERA) വകുപ്പ്.
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Sreekanth G
Date: 17-03-2022 12:14:53
സെക്ഷൻ ഓഫീസർ.